I/209594/2024

തദ്ദേശ സ്വയംഭരണ വകുപ്പ്
**ജോയിന്റ് ഡയറക്ടറുടെ കാര്യാലയം,**
കളക്ടറേറ്റ് പി. ഒ., കോട്ടയം - 686002
ഫോൺ: 0481-2560282
*e-mail: jdlsgdktm@gmail.com*
തീയതി:20-02-2024

## മിനിറ്റ്സ്

കോട്ടയം ജില്ലയിലെ പെർമനന്റ് അദാലത്ത് സംവിധാനം – ജില്ലാതല അദാലത്ത് സമിതിയുടെ യോഗം ജോയിൻ റ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 08-02-2024തീയതി12.05പി.എം ന് ചേർന്നു. യോഗത്തിൽ പങ്കെടുത്ത എല്ലാവരെയും ജോയിൻറ് ഡയറക്ടർ യോഗത്തിലേയ്ക്ക് സ്വാഗതം ചെയ്തു.

1. ഉപജില്ലാ അദാലത്ത് സമിതിയിൽ നിന്നും ജില്ലാ അദാലത്ത് സമിതിയിലേയ്ക്ക് escalate ചെയ്തശ്രീ.ജയപ്രകാശ് കെ.ജി, കുവളത്തറയിൽ, പേരൂർ.പി.ഒ, കോട്ടയം എന്നയാൾ നവകേരള സദസ്സിൽ സമർച്ച അപേക്ഷ ജില്ലാ അദാലത്ത് സമിതി യോഗത്തിൽ പരിശോധിച്ചു.
2. ടി അപേക്ഷ പരിശോധിച്ചതിൽ അപേക്ഷകൻ കെട്ടിട നിർമ്മാണ അനുമതിക്കായി ഏറ്റുമാനൂർ നഗരസഭയിൽ 21-06-2022ൽ IBPMS സോഫ്റ്റ് വെയർ മുഖേന (രജിസ്റ്റേർഡ് സൂപ്പർവൈസറുടെ സഹായത്തോടെ) അപേക്ഷ സമർപ്പിച്ചുവെന്നും അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്ത ആധാരത്തിൻറെ പിശക് മൂലം അപേക്ഷ നിരസിച്ചെങ്കിലും ഇമെയിൽ മുഖേനയോ, ഫോൺ വഴിയോ യാതൊരുവിധ അറിയിപ്പ് കിട്ടിയില്ലായെന്നും പിന്നീട് രജിസ്റ്റേർഡ് സൂപ്പർവൈസർ പരിശോധിക്കുമ്പോഴാണ് അപേക്ഷ short fall ആയ വിവരം അറിയുന്നതെന്നും ... ടിയാൻ അപേക്ഷ ശരിയായ രീതിയിൽ അപ് ലോഡ് ചെയ്തുവെങ്കിലും സെൽഫ് സർട്ടിഫിക്കേഷൻ നിലവിൽ വന്നതിനാൽ അപേക്ഷ പുനഃസമർപ്പിക്കാൻ സാധിച്ചില്ലയെന്നും സർക്കാർ ഉത്തരവ് മൂലം കെട്ടിട നിർമ്മാണ ഫീസ് കൂട്ടിയതിനാൽ സെൽഫ് സർട്ടിഫിക്കേഷൻ വഴി സമർപ്പിക്കുമ്പോൾ കൂടിയ നിരക്കിലാണ് ഫീസ് ഇപ്പോൾ വരുന്നതെന്നും ടിയാന് പഴയ നിരക്കിലെ ഫീസ് അനുവദിക്കണമെന്നുമാണ് ആവശ്യം.
3. 21-06-2022ൽ IBPMS software മുഖേന കെട്ടിട നിർമ്മാണ അനുമതിക്കായി സമർപ്പിച്ച അപേക്ഷയിൽ ഓവർസിയർ അന്വേഷണം നടത്തി 03-08-2022 ലാണ് റിപ്പോർട്ട് നൽകിയിട്ടുള്ളതെന്നും 16-08-2022ൽ അപേക്ഷയിലെ അപാകത സോഫ്റ്റ് വെയർ മുഖേന അറിയിച്ചിട്ടുള്ളതായും നഗരസഭാ അസിസ്റ്റൻറ് എഞ്ചിനീയർ യോഗത്തിൽ അറിയിച്ചു.
4. രജിസ്റ്റേർഡ് സൂപ്പർവൈസർ പ്രസവാനന്തരം ചികിത്സയിലായിരുന്നതിനാൽ കൃത്യമായി software പരിശോധിച്ചില്ലായെന്നും ഇ മെയിലിലോ, ഫോൺ മുഖേനയോ ഇത് സംബന്ധിച്ച് അറിയിപ്പൊന്നും ലഭ്യമായിട്ടില്ലായെന്നും കൂടാതെ അപേക്ഷ അപാകത പരിഹരിച്ച് പുനഃസമർപ്പിക്കാൻ ശ്രമിച്ചപ്പോൾ തദ്ദേശസ്വയം ഭരണ (ആർ.എ) വകുപ്പിന്റെ 31-03-2023ലെ G.O(MS)No.84/2023/LSGD നമ്പർ ഉത്തരവ്

പ്രകാരം low risk building-കളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാ അപേക്ഷകളും 01-04-2023 മുതൽ self-certification നിർബന്ധമാക്കിയതിനാൽ അപേക്ഷ പുനഃസമർപ്പിക്കാൻ സാധിച്ചില്ലായെന്നും self-certification വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ പുതിയ അപേക്ഷയായി പരിഗണിക്കുകയും തദ്ദേശസ്വയം ഭരണ (ആർ.എ) വകുപ്പിന്റെ 31-03-2023ലെ G.O(MS)No.85/2023/LSGD നമ്പർ ഉത്തരവ് പ്രകാരമുള്ള പുതിയ നിരക്കിലുള്ള ഫീസ് അടവാക്കേണ്ടി വരുന്നതിനാൽ അപേക്ഷ സമർപ്പിച്ചില്ലായെന്നും രജിസ്റ്റേർഡ് സൂപ്പർവൈസർ ജില്ലാതല അദാലത്ത് സമിതിയെ അറിയിച്ചു.

5. IBPMS software മുഖേന കെട്ടിട നിർമ്മാണ പെർമിറ്റിന് സമർപ്പിച്ച അപേക്ഷ അന്വേഷിച്ച് കൃത്യ സമയത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാതിരുന്നത് ഓവർസിയറുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണെന്നും അപേക്ഷകൻ ഒരു രജിസ്റ്റേർഡ് സൂപ്പർവൈസർ മുഖേന അപേക്ഷ സമർപ്പിച്ചിട്ടും അപേക്ഷയിലെ ന്യൂനത അപേക്ഷകനെ കൃത്യസമയത്ത് അറിയിക്കാതിരുന്നത് രജിസ്റ്റേർഡ് സൂപ്പർവൈസറിന്റെ വീഴ്ചയായും സമിതി വിലയിരുത്തി. അപേക്ഷ കൈകാര്യം ചെയ്യുന്നതിൽ വീഴ്ച വരുത്തിയ രജിസ്റ്റേർഡ് സൂപ്പർവൈസറിൽ നിന്നും ഓവർസിയറിൽ നിന്നും വിശദീകരണം ലഭ്യമാക്കുന്നതിനും തുടർ നടപടി സ്വീകരിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

6. ഏറ്റുമാനൂർ നഗരസഭയുടെയും രജിസ്റ്റേർഡ് സൂപ്പർവൈസറുടെയും ഭാഗത്തു നിന്നുണ്ടായ വീഴ്ച മൂലമാണ് അപേക്ഷകന് കൃത്യമായി അപേക്ഷ പുനഃസമർപ്പിക്കാൻ സാധിക്കാതെ വന്നതെന്നും ടിയാന് പഴയ നിരക്കിലുള്ള പെർമിറ്റ് ഫീസ് അടവാക്കാനുള്ള സാഹചര്യം ലഭിക്കാതിരുന്നതെന്നും യോഗം വിലയിരുത്തി.

7. തദ്ദേശസ്വയം ഭരണ (ആർ.എ) വകുപ്പിന്റെ 31-03-2023ലെ G.O(MS)No.85/2023/LSGD നമ്പർ ഉത്തരവ് പ്രകാരം ബിൽഡിംഗ് പെർമിറ്റ് ഫീസ്, അപേക്ഷ ഫീസ്, സ്കൂട്ടണി ഫീസ്, ക്രമവൽക്കരണ ഫീസ് പരിഷ്കരിച്ച് ഉത്തരവായിട്ടുള്ളതാണെങ്കിലും തദ്ദേശസ്വയം ഭരണ (ആർ.എ) വകുപ്പിന്റെ 06-05-2023ലെ G.O(MS)No.107/2023/LSGD ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാതദ്ദേശ സ്ഥാപനങ്ങളിലും 09-04-2023 വരെ ഓൺലൈൻ ആയോ ഓഫ് ലൈൻ ആയോ സമർപ്പിച്ച കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട അപേക്ഷകൾക്കും (ബിൽഡിംഗ് പെർമിറ്റ് ഫീസ്, അപേക്ഷ ഫീസ്, സ്കൂട്ടണി ഫീസ്, ക്രമവൽക്കരണ ഫീസ്) പഴയ നിരക്ക് ബാധകമായിരിക്കും എന്നതിനാൽ ഈ അപേക്ഷയ്ക്കും പഴയ നിരക്കിൽ പെർമിറ്റ് ഫീസ് ഈടാക്കാൻ സാധിക്കുമെന്നും ജില്ലാ ടൗൺ പ്ലാനർ യോഗത്തിൽ അറിയിച്ചു.

8. അപേക്ഷകന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയല്ലാത്തതിനാൽ ടി അപേക്ഷ നഗരസഭയിൽ നേരിട്ട് സമർപ്പിക്കുന്നതിനും ആയത് പരിഗണിച്ച് തദ്ദേശസ്വയം ഭരണ (ആർ.എ) വകുപ്പിന്റെ 06-05-2023ലെ G.O(MS)No.107/2023/LSGD ഉത്തരവ് പ്രകാരം പഴയ നിരക്കിലുള്ള ഫീസ് (ബിൽഡിംഗ് പെർമിറ്റ് ഫീസ്, അപേക്ഷ ഫീസ്, സ്കൂട്ടണി ഫീസ്, ക്രമവൽക്കരണ ഫീസ്) ഈടാക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

യോഗം 1.00 മണിക്ക് അവസാനിച്ചു.

പ്രസാദ് സി ആർ

ജില്ലാതല അദാലത്ത് സമിതി കൺവീനർ &

I/209594/2024

Signed by
Prasadc R
Date: 20-02-2024 11:49:31

അസിസ്റ്റൻറ് ഡയറക്ടർ
തദ്ദേശസ്വയംഭരണ വകുപ്പ്,
കോട്ടയം